**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **18-01-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ ദുരിതാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | പ്രളയ ദുരിതാശ്വാസ സഹായം കിട്ടാനായി ഇനിയും എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; സഹായ വിതരണത്തിന് ഇത്രയും കാലതാമസമുണ്ടാകാനുള്ള കാരണമെന്ത്; വിശദാംശങ്ങൾ നൽകുമോ; | (എ) | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 4,17,975 കുടുംബങ്ങൾക്ക് സഹായം നൽകി. 6937 പേർക്ക് ദുരിതാശ്വാസ ധനസഹായം അനുവദിക്കാനുണ്ട്. ഭൂമി സംബന്ധമായ പ്രശ്നം യഥാസമയം രേഖകൾ ഹാജരാക്കാത്തത്, കോടതി കേസുകൾ, അവകാശ തർക്കം, അക്കൗണ്ടുകളിലെ അവ്യക്തത തുടങ്ങിയ കാരണങ്ങളാലാണ് ധനസഹായ വിതരണത്തിന് കാലതാമസം നേരിടുന്നത്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ മുഖേന ലഭ്യമായതിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ചില ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലെ പിശകുകൾ കാരണം അവർക്ക് തുക ക്രെഡിറ്റ് ആകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചു വരുന്നു. |
| (ബി) | ഇനിയും എത്ര തുക ഇതിനായി വിനിയോഗിക്കേണ്ടി വരും; എന്നത്തേയ്ക്ക് ഇതു പൂർണ്ണമായും കൊടുത്തു തീർക്കാനാകും എന്നറിയിക്കാമോ; | (ബി) | 2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കായി 2939.75 കോടി രൂപ ദുരിതാശ്വാസ സഹായമായി നൽകി (24.12.2020 വരെ). 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായ ഗഡുക്കൾ നൽകുവാൻ ഇനി 108.75 കോടി രൂപ കൂടി ആവശ്യമാണ്. 2019-ലെ പ്രളയ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ മുഖേന ലഭ്യമായതിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുള്ളതും ചിലരുടെ അക്കൗണ്ടിലെ പിശകുകൾ കാരണം തുക അവരുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആയിട്ടില്ലാത്തതാണ്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | 13 ലക്ഷം രൂപയുടെ പ്രളയ ദുരിതാശ്വാസ സഹായധന തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (സി) | പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ 382/20, 83/20 എന്നീ ക്രിമിനൽ കേസുകൾ നിലവിലുള്ളതാണ്. അതിൽ 382/20 |

| | | | |
|---|---|---|---|
| | | | നമ്പർ കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 83/20 നമ്പർ കേസിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ കേസിൽ ഇതിനകം എത്ര പേർ അറസ്റ്റിലായിട്ടുണ്ട്; ഇവരുടെ പേരു വിവരവും ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികളാണെങ്കിൽ അക്കാര്യവും വ്യക്തമാക്കുമോ? | (ഡി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ